

കവർസ്റ്റോറി ● എം. സാജിദ്

# കശ്മീർ

## ദൽഹിയിൽ വേവിച്ചെടുത്ത ഒത്തുതീർപ്പ് ഫോർമുല

**താഴ്‌വരയിലെ** ജനങ്ങൾ ഒരിക്കൽ കൂടി വഞ്ചിക്കപ്പെട്ടിരിക്കുന്നു. ജമ്മുവിനെയും കശ്മീരിനെയും തമ്മിലടിപ്പിക്കാനുള്ള ഗൂഢനീക്കങ്ങൾ വീണ്ടും ശക്തിപ്പെട്ടിരിക്കുന്നു. അമർനാഥ് യാത്രയുടെ പേരിൽ ഉണ്ടായ പ്രശ്നത്തിൽ താഴ്‌വരക്കാരെ വിശ്വാസത്തിലെടുക്കാതെ കേന്ദ്ര സർക്കാർ ഒത്തുതീർപ്പ് അടിച്ചേൽപിക്കുകയാണ്. പാതിരാവോളം നീണ്ട ചർച്ചയിൽ കേന്ദ്രസർക്കാറിനോടൊപ്പം പങ്കെടുത്തത് അമർനാഥ് യാത്ര സംഘർഷ് സമിതി മാത്രമായിരുന്നു. യഥാർഥ പരാതിക്കാരായ താഴ്‌വരയിലെ ജനങ്ങളെ ചർച്ചക്ക് വിളിക്കാനുള്ള സന്നദ്ധത പോലും സർക്കാർ കാണിച്ചില്ല.

പ്രശ്നം രൂക്ഷമായ ഘട്ടത്തിൽ ഹൈന്ദവരുടെ ഒരു പ്രധാന തീർഥാടനമായ അമർനാഥ് യാത്രക്ക് കശ്മീരിലെ മുസ്‌ലിംകൾ എതിര് നിൽക്കുന്നു എന്ന തോന്നലുണ്ടാക്കാനാണ് മാധ്യമങ്ങൾ ശ്രമിച്ചത്. യാഥാർഥ്യം നേരെ മറിച്ചാണ്. അമർനാഥ് യാത്രക്ക് കശ്മീരി മുസ്‌ലിംകൾ എതിരല്ല എന്നു മാത്രമല്ല, യാത്രയുടെ ചരിത്രാരംഭം മുതൽ മുസ്‌ലിംകൾ തന്നെയാണ് എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളത്.

160 വർഷം മുമ്പ് കശ്മീരി മുസ്‌ലിംകളായ മലിക് കുടുംബമാണ് ആദ്യമായി അമർനാഥ് ഗുഹ കണ്ടെത്തുന്നത്. തണുപ്പുകാലത്ത് മഞ്ഞ് കട്ടപിടിക്കുമ്പോൾ ഗുഹയുടെ മുകൾഭാഗത്ത് ശിവലിംഗം പോലൊരു നിർമിതി കാണാനിടയായി. ഇതിനെത്തുടർന്നാണ് ഹൈന്ദവ വിശ്വാസികൾ ഗുഹയിലേക്ക് തീർഥാടനം ആരംഭിച്ചത്. മലിക് കുടുംബവും കശ്മീരി പണ്ഡിറ്റുകളും പ്രദേശത്തെ ഒരു ഗുസ്തി പരിശീലന സ്ഥാപനവും ചേർന്നായിരുന്നു യാത്രയുടെ ഒരുക്കങ്ങളും സംവിധാനവും നടത്തിയിരുന്നത്. 1987-ൽ 12,000 ഭക്തർ യാത്ര നടത്തിയപ്പോൾ കഴിഞ്ഞ വർഷം അത് അഞ്ചു ലക്ഷത്തോളമായി ഉയർന്നു.

കശ്മീർ താഴ്‌വരയിലെ ആനന്ദ് നാഗ് പെൽഗാമിനടുത്താണ് അമർനാഥ് ഗുഹ. ഓരോ വർഷവും തീർഥാടകരുടെ എണ്ണം വർധിച്ചതോടെ പാരിസ്ഥിതിക പ്രശ്നങ്ങളും ഏറി വന്നു. ഈ സന്ദർഭത്തിലാണ് മുൻ ഗവർണറായ സിൻഹ മുൻകൈയെടുത്ത് അമർനാഥ് ക്ഷേത്ര ബോർഡിന് രൂപംനൽകുന്നത്. യാത്രയുടെ ഭരണനിർവഹണത്തിനാണ് ബോർഡ് രൂപീകരിച്ചത്. ബി.ജെ.പി സഹയാത്രികനായിരുന്ന ഗവർണർ കശ്മീരികളല്ലാത്തവരെ കൂടി ചേർത്താണ് ബോർഡ് ഉണ്ടാക്കിയത്. തീർഥാടകർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഏക്കർ കണക്കിന് വനഭൂമി ബോർഡിന് വിട്ടുകൊടുക്കാനും അന്ന് ഭരണകൂട-ജുഡീഷ്യറി ശ്രമങ്ങൾ നടന്നു.

40 ഹെക്ടർ വനഭൂമി ഇത്തരത്തിൽ ബോർഡിന് കൈമാറാൻ 2008 മെയ് 20-ന് ഗുലാം നബി ആസാദ് സർക്കാർ തീരുമാനമെടുത്തു. ഇതിനെത്തുടർന്നാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾ ഉടലെടുത്തത്. വനഭൂമി ബോർഡിന് കൈമാറുന്നതിനെ താഴ്‌വരയിലെ ജനങ്ങളും സംഘടനകളും എതിർത്തു. ഇത് തീർഥാടനത്തിന് സൗകര്യമൊരുക്കുന്നതിനല്ലെന്നും താഴ്‌വരയിലേക്ക് അതിക്രമിച്ചുകയറുക എന്ന തന്ത്രത്തിന്റെ ഭാഗമാണെന്നും അവർ ആരോപിച്ചു. പ്രധാനമായും രണ്ട് പ്രശ്നങ്ങളാണ് അവർ ഉയർത്തുന്നത്. ഒന്ന്, 1927-ൽ രാജാവിന്റെ കാലം മുതൽക്കുതന്നെ നിലനിൽക്കുന്ന നിയമമനുസരിച്ച് ജമ്മു-കശ്മീരിലെ ഭൂമി കശ്മീരികളല്ലാത്തവർക്ക് പതിച്ചുനൽകാൻ പാടില്ല. എന്നാൽ ബോർഡിലാകട്ടെ കശ്മീരികളല്ലാത്തവർ ധാരാളമുണ്ട്. രണ്ട്, 1980-ലെ വനനിയമമനുസരിച്ച് വനഭൂമി മറ്റാവശ്യങ്ങൾക്ക് കൈമാറാൻ പാടില്ല.

അമർനാഥ് യാത്രയല്ല യഥാർഥ പ്രശ്നം എന്നാണ് താഴ്‌വരയിലുള്ളവർ വിശ്വസിക്കുന്നത്. പണ്ടും ഇന്നും തങ്ങൾ തന്നെയാണ് സഹോദര സമുദായത്തിന് ആരാധനക്ക് സൗകര്യം ഒരുക്കിക്കൊടുത്തത്. ഇനിയും അത് തുടരുക തന്നെ ചെയ്യും. എന്നാൽ ഒരു ഹൈന്ദവ തീർഥാടനത്തെ പ്രക്ഷോഭത്തിന്റെ മർമമാക്കിക്കൊണ്ട് കശ്മീർ ഭൂമി പതുക്കെ പതുക്കെ കൈയടക്കാനുള്ള തന്ത്രമായാണ് അവർ ഈ നീക്കങ്ങളെ വിലയിരുത്തുന്നത്. പ്രശ്നത്തിന്റെ ഇത്തരം മർമങ്ങൾ തമസ്കരിക്കപ്പെടുകയും അമർനാഥ് യാത്ര V/S കശ്മീർ മുസ്‌ലിംകൾ എന്ന സമവാക്യം ഉരുത്തിരിച്ചെടുക്കുകയും ചെയ്തതോടെ കശ്മീരികൾ ഒരിക്കൽ കൂടി ദേശദ്രോഹികളാക്കപ്പെടുകയാണ്.

സംഘർഷം മൂർഛിച്ചതോടെ ജമ്മുവും കശ്മീരും ഇരുട്ടിലായി. താഴ്‌വരയിലേക്കുള്ള പ്രധാന റോഡുകളെല്ലാം കടന്നുപോകുന്നത് ജമ്മുവിലൂടെയാണ്. റോഡുകൾ ഉപരോധിക്കുന്ന തന്ത്രമാണ് ജമ്മുവിലെ സർക്കാർ സ്വീകരിച്ചത്. ഇതോടെ കശ്മീരിലേക്ക് വരുന്ന അവശ്യസാധനങ്ങളും താഴ്‌വരയിൽനിന്ന് പുറത്തുപോവേണ്ട ഉൽപന്നങ്ങളും കെട്ടിക്കിടന്നു. താഴ്‌വര അക്ഷരാർഥത്തിൽ ഉപരോധിക്കപ്പെട്ട അവസ്ഥയിലായി. ഈ സന്ദർഭത്തിൽ പാക്കധീന കശ്മീരിലെ മുസഫറാബാദിലേക്ക് മാർച്ച് ചെയ്യാൻ ഹുർരിയത്തും മറ്റും തീരുമാനിച്ചതോടെ പ്രശ്നം സങ്കീർണമായി.

ഇന്ത്യയിലെ വിവിധ മുസ്‌ലിം സംഘടനകളും സാമൂഹിക പ്രവർത്തകരും മുൻകൈയെടുത്ത് സമാധാന സംരംഭങ്ങൾ നടത്തുന്നത് ഈ പശ്ചാത്തലത്തിലായിരുന്നു. പത്ത് പ്രമുഖർ ചേർന്ന് 'പീസ് മിഷൻ' ആഗസ്റ്റ് 20,21 തീയതികളിൽ ജമ്മു-കശ്മീർ സന്ദർശിക്കുകയും വിവിധ വിഭാഗം നേതാക്കളുമായി കൂടിക്കാഴ്ച നടത്തുകയുമുണ്ടായി. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് നേതാവും എം.പിയുമായ മൗലാനാ മഹ്മൂദ് മദനി, ജമാഅത്തെ ഇസ്‌ലാമി ദേശീയ സെക്രട്ടറി മുജ്തബ ഫാറൂഖ്, മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ, ശീഈ നേതാവ് മൗലാനാ സിഷാൻ ഹിദായതി, ദേശീയോദ്ഗ്രഥന കൗൺസിൽ അംഗമായ നവൈദ് ഹാമിദ്, അഹ്‌ലെ ഹദീസ് നേതാവ് മൗലാനാ മഹ്മൂദുൽ ഹസൻ,

●

**അമർനാഥ് യാത്രയല്ല യഥാർഥ പ്രശ്നം എന്നാണ് താഴ്‌വരയിലുള്ളവർ വിശ്വസിക്കുന്നത്. പണ്ടും ഇന്നും തങ്ങൾ തന്നെയാണ് സഹോദര സമുദായത്തിന് ആരാധനക്ക് സൗകര്യം ഒരുക്കിക്കൊടുത്തത്. ഇനിയും അത് തുടരുക തന്നെ ചെയ്യും. എന്നാൽ ഒരു ഹൈന്ദവ തീർഥാടനത്തെ പ്രക്ഷോഭത്തിന്റെ മർമമാക്കിക്കൊണ്ട് കശ്മീർ ഭൂമി പതുക്കെ പതുക്കെ കൈയടക്കാനുള്ള തന്ത്രമായാണ് അവർ ഈ നീക്കങ്ങളെ വിലയിരുത്തുന്നത്.**

●

ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് സെക്രട്ടറി മൗലാനാ നിയാസ് അഹ്മദ് ഫാറൂഖി, ഇന്റർഫെയ്ത്ത് കോയിലീഷൻ പ്രതിനിധി ഫാ. സാമുവൽ, മുൻ എം.പി ഡോ. ജെ.കെ ജയിൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

ജമ്മുവിലും കശ്മീരിലും ജനങ്ങൾ ഭരണകൂടത്തിനെതിരെ തെരുവിലിറങ്ങിയ കാഴ്ചയാണ് സംഘത്തിന് കാണാനായത്. തങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുത്ത് ഗുണ്ടായിസം കളിക്കുന്നതിലാണ് സർക്കാറിനോടും അതിന്റെ ഏജൻസികളോടും താഴ്‌വരക്കാർക്കുള്ള എതിർപ്പെങ്കിൽ, ഭരണഘടനാനുസൃതമായ നീതി ലഭ്യമാവുന്നില്ല എന്നാണ് ജമ്മുക്കാരുടെ പരിഭവം. ജനങ്ങൾക്ക് സർക്കാറിലുള്ള വിശ്വാസം തീർത്തും നഷ്ടപ്പെട്ടിരിക്കുന്നു. സാമുദായിക ധ്രുവീകരണം സംസ്ഥാനത്ത് ശക്തിപ്പെടുകയും ചെയ്തിരിക്കുന്നു.

സംഘർഷവുമായി ബന്ധമുള്ള പ്രമുഖ നേതാക്കളെ സംഘം സന്ദർശിക്കുകയും വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. അമർനാഥ് യാത്രാ സംഘർഷ് സമിതി പ്രസിഡന്റ് ലീലാ കിരൺ ശർമയുമായുള്ള കൂടിക്കാഴ്ച അദ്ദേഹത്തിന്റെ വസതിയിൽ വെച്ചാണ് നടന്നത്. ഒരു മണിക്കൂറോളം നീണ്ട സംഭാഷണത്തിൽ ജമ്മുവിനോട് പൊതുവിലും ഹിന്ദു-സിഖ് സമൂഹങ്ങളോട് വിശേഷിച്ചുമുള്ള വിവേചനങ്ങളെക്കുറിച്ച് അദ്ദേഹം പരാതിപ്പെടുകയുണ്ടായി. "ഞങ്ങളുടെ സമരം ഒരൊറ്റ ആവശ്യം മുൻനിർത്തിയുള്ളതാണ്. ആ പ്രശ്നം പരിഹരിച്ചാൽ സമരം ഉടൻ പിൻവലിക്കും. ഭൂമി തിരിച്ചുതരുന്ന നിമിഷം സമരം അവസാനിപ്പിക്കുക തന്നെ ചെയ്യും"- അദ്ദേഹം പറഞ്ഞു. കശ്മീർ ജനതയുമായും അവരുടെ നേതാക്കളുമായും സംഭാഷണം നടത്തുന്നതിന് യാതൊരു തടസ്സവുമില്ലെന്നും അദ്ദേഹം അറിയിച്ചു.

ഹുർരിയത്ത് കോൺഫറൻസ് നേതാവ് മീർവായിസ് ഉമർ ഫാറൂഖുമായി സംഘം ദീർഘനേരം സംഭാഷണം നടത്തി. ചർച്ച നടന്ന മീർവായിസ് മൻസിലിന് പുറത്ത് നൂറുക്കണക്കിന് കശ്മീരികൾ ഇന്ത്യാ വിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. ചർച്ചക്കെത്തുമ്പോൾ, വലിയ സമ്മർദത്തിനടിപ്പെട്ട അവസ്ഥയിലായിരുന്നു മീർവായിസ്. പഴകൃഷിക്കാരുടെ സംഘടനയുമായി നടന്ന ചർച്ചക്ക് ശേഷമാണ് അദ്ദേഹം പീസ് മിഷൻ അംഗങ്ങളെ കാണാനെത്തിയത്. ഹുർരിയത്ത് നേതാവായ യാസീൻ മാലിക്കും ചർച്ചയിൽ പങ്കുകൊണ്ടു.

വളരെ വ്യക്തമായിരുന്നു മീർവായിസിന്റെ വാക്കുകൾ. "യാത്ര ഞങ്ങളുടെ പ്രശ്നമേ അല്ല. ഞങ്ങൾ ഒരു കാലത്തും യാത്രയെ എതിർത്തിട്ടുമില്ല. ശക്തമായ വെടിവെപ്പ് നടക്കുമ്പോൾ പോലും യാത്ര സുരക്ഷിതമായി നടന്നിട്ടുണ്ട്. കശ്മീരി മുസ്‌ലിംകൾ യാത്രയെ എന്നും സഹായിച്ചിട്ടേയുള്ളൂ. മറിച്ചുള്ളത് ഞങ്ങൾക്കെതിരായ കുപ്രചാരണമാണ്. അമർനാഥ് യാത്രയുമായി ബന്ധപ്പെട്ടാണ് ഇപ്പോഴത്തെ പ്രശ്നം ആരംഭിച്ചതെങ്കിലും അവിടുന്ന് കാര്യങ്ങൾ ഏറെ നീങ്ങിയിരിക്കുന്നു. സാമ്പത്തിക ഉപരോധമാണ് സ്ഥിതി വഷളാക്കിയത്. മുസഫറാബാദിലേക്കും

പൂഞ്ചിലേക്കുമുള്ള റോഡുകൾ തുറന്നേ മതിയാകൂ." ഹുർരിയത്തും സംഘർഷ് സമിതിയും ഒരുമിച്ചിരിക്കണമെന്ന പീസ് മിഷൻ അംഗങ്ങളുടെ നിർദേശം അദ്ദേഹം അംഗീകരിക്കുകയുണ്ടായി.

രണ്ടു തവണയായിട്ടാണ് സംഘം സയ്യിദ് അലിഷാ ഗീലാനിയുമായി സംസാരിച്ചത്. "അമർനാഥ് യാത്ര അതിന്റെ എല്ലാ ആചാരാനുഷ്ഠാനങ്ങളോടും കൂടി നിലനിൽക്കണം. യാത്രയുടെ നടത്തിപ്പിന് മുമ്പും ഇന്നും തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇനിയൊട്ട് ഉണ്ടാവുകയുമില്ല. യാത്രക്കെതിരായല്ല ഞങ്ങളുടെ സമരം." സംഘർഷ് സമിതിയുമായുള്ള ചർച്ചയെക്കുറിച്ച് അദ്ദേഹത്തിന്റെ നിലപാട് വ്യത്യസ്തമായിരുന്നു. "ജമ്മുവിലെ ജനങ്ങളുമായോ യാത്രയുമായോ സംഘർഷ് സമിതിയുമായോ ഞങ്ങൾക്ക് വിയോജിപ്പൊന്നുമില്ലെന്നിരിക്കെ ഒരു ചർച്ചയുടെ പ്രസക്തിയെന്താണ്? ഞങ്ങളുടെ പ്രശ്നം കശ്മീർ ഭൂമി മറ്റുള്ളവർക്ക് കൈമാറുന്നത് മാത്രമാണ്."

ഗവർണർ എൻ.എൻ വോറയെയും സംഘം സന്ദർശിച്ചു. പീസ് മിഷൻ സംരംഭത്തെ അഭിനന്ദിച്ച അദ്ദേഹം ഇരു കക്ഷികളും തമ്മിലുള്ള സംവാദത്തെ അനുകൂലിച്ചു. കലാപത്തിൽ ഇരയാക്കപ്പെട്ടവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകുമെന്നും സാമ്പത്തിക ഉപരോധം അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

ഹുർരിയത്തും സംഘർഷ് സമിതിയും ഒരുമിച്ചിരുന്ന് ചർച്ച നടത്തുക, യാത്രാ നടത്തിപ്പിലെ അസൗകര്യങ്ങൾ നീക്കാനും സാമ്പത്തിക ഉപരോധം അവസാനിപ്പിക്കാനും പരസ്പര ധാരണയുണ്ടാക്കുക എന്നതായിരുന്നു പീസ് മിഷന്റെ പ്രധാന നിർദേശം. ഇരു വിഭാഗങ്ങൾ തമ്മിലുള്ള ചർച്ചക്ക് മുൻകൈയെടുക്കാനുള്ള സന്നദ്ധതയും അവർ പ്രകടിപ്പിച്ചു.

എന്നാൽ ഇതിനിടയിലാണ് കേന്ദ്രസർക്കാർ 'ജമ്മുവിന് തലോടലും കശ്മീരിന് തല്ലും' നയത്തിന്റെ ഭാഗമായി സംഘർഷ് സമിതിയുമായി മാത്രം ചർച്ച നടത്തുകയും ഒത്തുതീർപ്പ് ഫോർമുല 'നടപ്പാക്കുക'യും ചെയ്തത്. ഒത്തുതീർപ്പനുസരിച്ച് 40 ഹെക്ടർ വനഭൂമി തീർഥാടനകാലത്ത് ക്ഷേത്ര ബോർഡിന് താൽക്കാലികമായി നൽകും. ഭൂമിയുടെ നിയന്ത്രണം നൽകും; അവകാശം നൽകില്ല. താൽക്കാലിക പാർപ്പിട കേന്ദ്രങ്ങളും കടകളും തുറക്കാം. ജമ്മുവിലെ കലാപത്തിലെ കേസുകൾ പിൻവലിക്കും. മരിച്ചവർക്കും അംഗവൈകല്യം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകും.

ഒത്തുതീർപ്പു ഫോർമുലയോട് കശ്മീരികൾ നീരസമാണ് പ്രകടിപ്പിച്ചത്. തങ്ങളെ വിശ്വാസത്തിലെടുക്കാതെയാണ് ചർച്ച നടത്തിയതെന്ന് അവർ ആരോപിക്കുന്നു. മെഹ്ബൂബ മുഫ്തിയുടെ പി.ഡി.പിക്കും ഇതേ നിലപാടാണ്. കശ്മീരിലെ ജനങ്ങൾ ഒരിക്കൽകൂടി ഭരണകൂടത്തിലുള്ള അവിശ്വാസം രേഖപ്പെടുത്തിയ സംഭവമായിട്ടായിരിക്കും ഈ സംഘർഷം ചരിത്രത്തിൽ രേഖപ്പെടുത്തുക. ■